(ബി) 1985–86 സാമ്പത്തിക വർഷത്തിൽ 28–2–1986 വരെ സർച്ചാർജ് ഇനത്തിൽ സർക്കാരിന് 20,69,169 രൂപ കെ. എസ്. ആർ. ടി. സി. നൽകിയിട്ടുണ്ട്.

ബസ് ചാർജ്

*82. [87] ശ്രീ. കെ. പി. പ്രഭാകരൻ:

,, കെ. ആർ. ചന്ദ്രമോഹനൻ:

,, എം. കെ. കേശവൻ:

ഡോ. എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം, 28–2–1986–വരെ എത്രതവണ ബസ് ചാർജ് വർദ്ധിപ്പിച്ചു;

(ബി) ഇനിയും ബസ് ചാർജ് വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ ഇതിൻെറ കാരണമെന്താണ്; വർദ്ധിപ്പിക്കാനുദ്ദേശിക്കുന്ന സംഖ്യ എത്രയാണ്;

(ഡി) ഓരോ തവണയും എത്രയാണ് വർദ്ധിപ്പിച്ചതെന്നും ഏതു മുതലാണ് വർദ്ധനവ് നടപ്പാക്കിയതെന്നും വ്യക്തമാക്കാമോ;

(ഇ) ബസ്ചാർജ് വർദ്ധനവ് വഴി ഈ കാലയളവിൽ കെ. എസ്. ആർ. ടി. സി. ക്ക് ഉണ്ടായ അധികവരുമാനമെത്ര?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) രണ്ടുപ്രാവശ്യം വർദ്ധിപ്പിച്ചു. കൂടാതെ സിറ്റി സർവ്വീസിൽ രണ്ടാമത്തെ സ്റ്റേറേജിൽ 10 പൈസയുടെ വർദ്ധനവ് അടുത്ത കാലത്ത് വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി ആൻഡ് സി) വാഹനങ്ങൾക്ക് ആവശ്യമായ സ്പെയർപാർട്ടിൻെറയും ഇന്ധനത്തിൻെറയും വില വർദ്ധിക്കുന്നതുമൂലവും ജീവനക്കാർക്ക് വേതനം വർദ്ധിപ്പിക്കേണ്ടതായി വന്നാലും അതാതു കാലങ്ങളിൽ ബസ്ചാർജ് വർദ്ധിപ്പിക്കേണ്ടതായി വന്നേക്കാം. എന്നാൽ തൽസമയം ബസ് ചാർജ് വർദ്ധനവിൻെറ തീരുമാനം ഒന്നും എടുത്തിട്ടില്ല.

(ഡി) ജി. ഒ. (പി) നം. 14/83/ടി. എഫ്. ആൻ. പി. ഡി. തീയതി 8–3–1983 പ്രകാരവും ജി. ഒ. (പി.) നം. 17/85/ടി ആർ. ഡി. തീയതി 12–4–1985 പ്രകാരവും ബസ് ചാർജ് രണ്ടുതവണ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ ജി. ഒ. (എം. എസ്.) നം. 35/86/പി.

LIBRARY ARCHIVES Kerala Legislative Assembly

ഡബ്ലിയു. ആൻറ് ടി. തീയതി 20–2–1986 പ്രകാരം സിറ്റി/ടൌൺ സർവ്വീസുകൾക്ക് രണ്ടാമത്തെ സ്റ്റേജിൽ പത്തുപൈസയുടെ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്.

† വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഇ) 1982–83–ൽ 31 ലക്ഷം രൂപയും 1983–84–ൽ 728 ലക്ഷം രൂപയും 1984–85–ൽ 1032 ലക്ഷം രൂപയും ഈ വർദ്ധനവുമൂലം കെ. എസ്. ആർ. ടി. സി. ക്ക് അധികവരുമാനമുണ്ടായിട്ടുണ്ട്. 1985–86–ൽ 2038 ലക്ഷം രൂപ അധികവരുമാനം പ്രതീക്ഷിക്കുന്നു.

കെ. എസ്. ആർ. ടി. സി. യിലെ ശമ്പള പരിഷ്ക്കരണം

* 83 [88] ശ്രീ. പി. വിജയദാസ്:

,, എ. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979–നുശേഷം കെ. എസ്. ആർ. ടി. സി. യിൽ ശമ്പള പരിഷ്ക്കരണ കരാർ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ശമ്പള പരിഷ്ക്കാരത്തിൽ ഏറ്റവും ഒടുവിൽ കെ. എസ് ആർ. ടി. സി. മാനേജിംഗ് ഡയറക്ടർ യൂണിയൻ പ്രതിനിധിയുടെ യോഗം വിളിച്ചു കൂട്ടിയതെന്നാണ്?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ):

(എ) ഇല്ല.

(ബി) മുൻ ശമ്പളപരിഷ്ക്കരണക്കരാറിന്റെ കാലാവധി 20–ാം 1982–ൽ അവസാനിച്ചതിനെത്തുടർന്ന് കോർപ്പറേഷനിലെ വിവിധ അംഗീകൃത യൂണിയനുകൾ ചാർട്ടർ ഓഫ് ഡിമാൻറ് സമർപ്പിക്കുകയും ഇവയെല്ലാം വിശദമായി പരിശോധിച്ചതിനുശേഷം 15–9–1983–ന് യൂണിയനുകളുമായി ചർച്ച ആരംഭിക്കുകയും ചെയ്തു. ഇതുവരെയായി 27 വട്ടം ചർച്ചകൾ നടന്നു. ശമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായിത്തന്നെ ജീവനക്കാരെ ബാധിക്കുന്ന ഒഴിവു ദിനങ്ങൾ, വർക്ക് നോംസ് ഉൽപാദനക്ഷമത എന്നീ കാര്യങ്ങളെല്ലാം പുനർ നിർണ്ണയം ചെയ്യുന്നതിനു മാനേജുമെൻറ് തീരുമാനിച്ചിട്ടുണ്ട്. ഇവയെല്ലാം കാണിച്ചുകൊണ്ട് യൂണിയനുകൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സങ്കീർണ്ണമായ ഇത്തരം പ്രശ്നങ്ങളിൽ ഒരു പരിഹാരം ഉണ്ടാക്കുന്നതിന് സാധാരണ ഗതിയിൽ കാലതാമസം ഉണ്ടാക്കുന്നതാണ്. ഏതായാലും ചർച്ചയുടെ ഭാഗമായി 1–3–1984 മുതൽ എല്ലാ ജീവനക്കാർക്കും 50 രൂപാവീതം ഇടക്കാലാശ്വാസം നൽകിക്കൊണ്ടിരിക്കുന്നു. ശമ്പള പരിഷ്ക്കരണംമൂലം ഏറ്റവും കുറഞ്ഞ വർദ്ധനവ് 100 രൂപ ആയിരിക്കണം എന്ന കാര്യത്തിലും യൂണിയനുകളുമായി യോജിപ്പിൽ എത്തിയിട്ടുണ്ട്.

(സി) 18–3–1986 ൽ

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (87) കാണുക

APPENDIX

Details of increase of fares allowed in Stage Carriages vide G.O.(P) No. 14/83/TF&PD dated 8-3-1983

(i) *Fast Passenger:*

The rates were revised from 8 paise to 10 paise/km.

(ii) *Express Service:*

The rates were revised from 9 paise to 11 paise/km.

Details of increase of fare allowed in stage Carriages vide G. O. (P) 17/85/T. D dated 12-4-1985

The rates of fares of various classes of stage carriages have been increased as follows:—

A. Rates of fares for the roads in the plains

The rates of fares for various classes of Stage Carriage Services per head per kilometre shall be as shown below, subject to clause(D) hereunder.

(i)	Ordinary/Mofussil Services including City and Town Services	9 paise
(ii)	Fast Passenger Services	11 paise
(iii)	Express Services	12 paise
(iv)	Superior or Special Class of Services	1½ times the rates of fares fixed for Express Services

B. Rates of fares for ghat roads

The rates of fares for various classes of services payable for ghat roads shall be enhanced by 25% of the rates payable for the respective classes of services on roads in the plains specified in Clause A.

LIBRARY ARCHIVES Kerala Legislative Assembly

C. Minimum fares

The minimum fare for which a ticket can be issued to various classes of services shall be as follows:—

(i)	City/Town Services	40 paise
(ii)	Ordinary/Mofussil Services	50 paise
(iii)	Fast Passenger Services	Re. 1
(iv)	Express Services	Rs. 3
(v)	Superior or Special Class of Services	Rs. 4.50

D. Fixation of fares

In respect of routes where fare stages have already been fixed such fare stages shall be retained without changes and on such routes fares shall be fixed in such a way that fare shall be increased at least by a minimum of 10 paise after the first stage in ordinary services and after second stage in the case of City/Town Services.

Details of increase of fare allowed in Stage Carriages vide G. O. (Ms) No. 35/86/PW & T dated 20-2-1986

In City/Town Services, an increase of 10 paise has been ordered after the first stage itself.

LIBRARY ARCHIVES Kerala Legislative Assembly